കൂടാതെ ഈ വിഭാഗങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി ട്രൈബൽ സബ് പ്ലാനിൽ ആവശ്യമായ തുകയും വകയിരുത്തി വരുന്നു.

(ബി) പട്ടികവർഗ്ഗക്കാരെ ബോധവൽക്കരിക്കുന്നതിന് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കാറുണ്ട്. പട്ടികവർഗ്ഗ മേഖലകളിൽ ഹെൽത്ത് ഗൈഡുകളായും, സോഷ്യൽ ആക്ടിവിസ്റ്റുകളായും നിയമിച്ചിട്ടുള്ള പട്ടിക വർഗ്ഗ യുവതീയുവാക്കൾ, പട്ടികവർഗ്ഗക്കാർക്കുവേണ്ടി നടപ്പാക്കുന്ന ക്ഷേമപദ്ധതികളെക്കുറിച്ച് അവരെ ബോധവൽക്കരിക്കുന്നു. ത്രിതല പഞ്ചായത്തുകൾ മുഖേനയും ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുന്നുണ്ട്. മെഡിക്കൽ ക്യാമ്പുകളിൽകൂടിയും മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സന്ദർശന വേളകളിലും ആദിവാസികളുടെ ആരോഗ്യ പരിപാലനം ഉറപ്പാക്കുന്നു.

4 (3133) കിർത്താഡ്സിന്റെ പ്രവർത്തനം

ശ്രീ. ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിട്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡെവലപ്പ്മെന്റ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് എന്ന സ്ഥാപനത്തിൽ മൊത്തം എത്ര ജീവനക്കാരാണുള്ളതെന്നും അതിനു വേണ്ടി കഴിഞ്ഞ മൂന്നു വർഷമായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) കിർത്താഡ്സിന്റെ പ്രധാന ചുമതലകൾ എന്തെല്ലാം;

(സി) ഏതെങ്കിലും സമുദായങ്ങളെ പുതിയതായി പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ കിർത്താഡ്സ് ശുപാർശ ചെയ്തിരുന്നുവോ;

(ഡി) എങ്കിൽ ഏതെല്ലാം സമുദായങ്ങളെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) അതിനാധാരമായുള്ള കിർത്താഡ്സിന്റെ നിഗനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) കിർത്താഡ്സിൽ മൊത്തം 53 ജീവക്കാരുണ്ട്.

ചെലവായ തുക

വർഷം	പദ്ധതി	പദ്ധതിയേതരം
1996-97	28,73,878	30,85,964
1997-98	0,23,145	28,39,300
1998-99	51,99,571	30,61,709

(ബി) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സംസ്കാരം, ജീവിതരീതി, വിദ്യാഭ്യാസം, മറ്റു സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചെല്ലാം അടിസ്ഥാനപരമായ ഗവേഷണ പഠനങ്ങൾ നടത്തി അവരുടെ നാനാമുഖമായ പുരോഗതിക്ക് ആവശ്യം വേണ്ട വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിന് മാർഗനിർദ്ദേശങ്ങൾ നൽകുക, അത്തരം വികസന പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് പരിശീലന പരിപാടികൾ നടത്തുക, അവരുടെ അവകാശങ്ങളെപ്പറ്റി പട്ടികജാതി-പട്ടിക

LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗക്കാരായ ഗുണഭോക്താക്കളിൽ ബോധവൽക്കരണം നടത്തുക, നടപ്പിലാക്കിയിട്ടുള്ളതും, നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ വികസനപ്രവർത്തനങ്ങളെപ്പറ്റി അവരുടെ അവകാശങ്ങളെപ്പറ്റി വിലയിരുത്തൽ പഠനം നടത്തി അവയ്ക്കുള്ള പോരായ്മകൾ ചൂണ്ടിക്കാണിച്ച് ഭാവിപരിപാടികൾ കുറ്റമറ്റരീതിയിൽ പ്രാവർത്തികമാക്കേതെങ്ങനെയെന്ന് നിർദ്ദേശിക്കുക. പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ നേടിയെടുക്കാൻവേണ്ടി അന്യസമുദായക്കാർ വ്യാജജാതി പ്രഖ്യാപിക്കുന്നതിന്മേൽ പൊതുവായ നരവംശശാസ്ത്ര റിപ്പോർട്ടുകൾ തയ്യാറാക്കി നുഴഞ്ഞുകയറ്റം തടയുന്നതിന് നടപടികൾ നിർദ്ദേശിക്കുക തുടങ്ങിയവയാണ് കിർത്താഡ്സിന്റെ പ്രധാനപ്രവർത്തനങ്ങൾ.

(സി) ചെയ്തിരുന്നു.

(ഡി) പൊതുതാല്പര്യം മുൻനിർത്തി വെളിപ്പെടുത്താനാവില്ല.

5 (3134) പട്ടിക വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനുള്ള വായ്പ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടിക-വർഗ്ഗ കുടുംബങ്ങളെ ഭൂവുടമകളാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കൃഷിഭൂമി വായ്പയ്ക്ക് മൊത്തം എത്ര അപേക്ഷകൾ ലഭിച്ചു; ഒരോ ജില്ലയിലും എത്ര വീതം;

(ബി) ഇതിനകം ഓരോ ജില്ലയിലും എത്രപേർക്ക് വീതം ഈ വായ്പ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) മൊത്തം എത്ര തുക വായ്പയായി നൽകുന്നുണ്ടെന്നും ഇതിൽ എത്ര തുക സബ്സിഡിയായി അനുവദിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ലഭിച്ച അപേക്ഷകളിന്മേൽ മുഴുവനും സമയബന്ധിതമായ തീരുമാനമെടുക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 18040 അപക്ഷകൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം 1-ൽ† കൊടുത്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം 2ൽ† കൊടുത്തിട്ടുണ്ട്.

(സി) ഒരു ലക്ഷത്തി അൻപതിനായിരം രൂപ വായ്പാ തുകയായി നൽകുന്നുണ്ട്. ഇതിൽ 50,000 രൂപ സബ്സിഡിയാണ്.

† അനുബന്ധം III (1,2)

LIBRARY ARCHIVES Kerala Legislative Assembly